പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2591

12/06/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് സ്കൂളുകളിലെ നിയമനം**

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. കടകംപളളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡ് യു.പി. സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി എഴുത്തുപരീക്ഷ നടത്തുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ഹൈക്കോടതി ഉത്തരവിനെ തുടർന്ന് റിക്രൂട്ട്മെന്റ് ബോർഡ് തന്നെ പരീക്ഷാ നടത്താൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളിലേയും പരമ്പരാഗത തസ്തികളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള എല്ലാ തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ച് പരീക്ഷ/ ഇന്റർവ്യൂ നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, ദേവസ്വം ബോർഡ് സർവ്വീസിലെ സെലക്ഷൻ കാറ്റഗറികളിലേക്കും ഗ്രേഡുകളിലേക്കും അനുയോജ്യരായവരെ തെരെഞ്ഞെടുക്കുന്നതിനായി ഡി.പി.സി രൂപീകരിക്കുകയും അതിന്റെ മീറ്റിംഗ് കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സർക്കാർ ഏല്പിക്കുന്ന മറ്റ് പരീക്ഷകൾ നടത്തുക എന്നിവയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകൾ. |
| (സി) | ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടികയും റാങ്ക് പട്ടികയും തയ്യാറാക്കേണ്ടെന്നും മൂല്യ നിർണ്ണയം നടത്തി മാർക്കും ഉത്തരകടലാസുകളും ദേവസ്വം ബോർഡിന് കൈമാറുവാനും റിക്രൂട്ട്മെന്റ് ബോർഡിന് നിർദ്ദേശം നൽകുകയുണ്ടായോ; | (സി) | ഒ. എം. ആർ പരീക്ഷ നടത്തി ഉത്തരകടലാസുകൾ മൂല്യ നിർണ്ണയം ചെയ്ത് മുഴുവൻ ഉദ്യോഗാർത്ഥികളുടെയും മാർക്ക് ഉൾക്കൊളളിച്ച് കൊണ്ട് മാർക്ക് അടിസ്ഥാനത്തിലുള്ള (Highest to lowest) ലിസ്റ്റ് അപേക്ഷ ഫാറങ്ങൾ സഹിതം ഇന്റർവ്യൂവിന് മുമ്പ് കൈമാറണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനോടാവശ്യപ്പെട്ടിരുന്നു. |
| | | (ഡി) യും (ഇ) ഉം | |
| (ഡി) | ഇപ്രകാരം ചുരുക്കപ്പട്ടികയോ റാങ്ക് പട്ടികയോ പ്രസിദ്ധീകരിക്കാതെ നിയമന നടപടികളിലേയ്ക്ക് നീങ്ങുന്നത് പിന്നോക്ക സംവരണം അട്ടിമറിക്കുന്നതിനും മറ്റ് ക്രമക്കേടുകൾക്കും വഴിവയ്ക്കുമെന്ന് കരുതുന്നുണ്ടോ; | | ചുരുക്കപ്പട്ടികയും റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിക്കാതെ നിയമന നടപടികൾ നടത്താറില്ല. ദേവസ്വം നിയമനങ്ങളിൽ നിയമാനുസൃതമായ പിന്നോക്ക സംവണവും തെരെഞ്ഞെടുപ്പിൽ സുതാര്യതയും ഉറപ്പ് വരുത്തിക്കൊണ്ടാണ് കേരളം ദേവസ്വം റിക്രൂട്ട്മെന്റ് നിയമനങ്ങൾ നടത്തി വരുന്നത്. |
| (ഇ) | എങ്കിൽ ദേവസ്വം നിയമനങ്ങളിൽ പിന്നോക്ക സംവരണവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ